**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1649** **02-02-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ഹരിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കാർഷിക പരിസ്ഥിതി പുന:സ്ഥാപന മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെച്ചേർക്കുന്നു.<br><br>**പച്ചത്തുരുത്ത്**<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി തദ്ദേശീയമായ വൃക്ഷങ്ങളും സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക വന മാതൃകകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കുക എന്നതാണ് പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പദ്ധതി മുഖ്യമായും നടപ്പിലാക്കുന്നത്. പൂഞ്ഞാർ മണ്ഡലത്തിൽ ഹരിത കേരളം മിഷന്റെ ഭാഗമായി തയ്യാറാക്കിയ 13 പച്ചത്തുരുത്തുകൾ നിലനിൽക്കുന്നുണ്ട്.<br><br>ഹരിത കേരളം പദ്ധതിയിലെ ഹരിത സമൃദ്ധി ഘടകത്തിൽ ഉൾപ്പെടുത്തി പൂഞ്ഞാർ പഞ്ചായത്തിൽ വാർഡ് 5ലെ എല്ലാ വീടുകളിലും പച്ചക്കറി തൈ, കറിവേപ്പിൻ തൈ എന്നിവയുടെ വിതരണം നടത്തുകയും 4 ഹെക്ടറിൽ വിജയകരമായി കൃഷി ചെയ്യുകയും ചെയ്തു. കൂടാതെ, ദേവഹരിതം ഘടകത്തിൽ ഉൾപ്പെടുത്തി പൂഞ്ഞാർ ഗ്രാമപഞ്ചായത്തിൽ 0.2 ഹെക്ടർ സ്ഥലത്തും, കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ 0.72 ഹെക്ടർ സ്ഥലത്തും പച്ചക്കറി, വാഴ എന്നിവ കൃഷി ചെയ്യുകയും ചെയ്തു. |
| (ബി) | പരിസ്ഥിതി സൗഹൃദ നെൽകൃഷി, ജൈവ കൃഷി പ്രോത്സാഹനം എന്നിവയ്ക്കായി മണ്ഡലത്തിൽ എത്ര | (ബി) | പരിസ്ഥിതി സൗഹൃദ കൃഷിക്കായി ജൈവ കൃഷി മിഷൻ ആരംഭിച്ചിട്ടുണ്ട്. ജൈവകൃഷി പ്രോത്സാഹനത്തിനായി |

| | | | |
|---|---|---|---|
| | തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ; | | 5.55872 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഫിഷ് അമിനോ ആസിഡ് മുതലായ ജൈവ ഉത്പാദനോപാധികളുടെ നിർമ്മാണം, പച്ചില വളവിത്തു വിതരണം, പ്രദർ ശനത്തോട്ടം പരിശീലന പരിപാടി, പഠനയാത്ര തുടങ്ങിയ ഘടകങ്ങൾക്കായാണ് പ്രസ്തുത തുക ചെലവഴിച്ചിരിക്കുന്നത്. |
| (സി) | ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിന് അടുത്ത സാമ്പത്തിക വർഷം മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനായി അടുത്ത സാമ്പത്തിക വർഷം പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെച്ചേർക്കുന്നു.<br><br>**<u>തരിശുരഹിത ഗ്രാമം</u>**<br><br>കൃഷിയോഗ്യമായ പാടങ്ങളിലേയും കരഭൂമിയിലെയും തരിശുഭൂമി കണ്ടെത്തി അവയിൽ ഉടനടി കൃഷി ചെയ്യാൻ കഴിയുന്നതും ലഭ്യവുമായ ഭൂമിയിൽ അനുയോജ്യമായ വിള കൃഷി ചെയ്ത് ഭക്ഷ്യോൽപാദനം പരമാവധി വർദ്ധിപ്പിക്കുക എന്നതാണ് ഈ കാമ്പയിന്റെ ലക്ഷ്യം. തരിശു രഹിത ഗ്രാമം കാമ്പയിനു വേണ്ടി പൂഞ്ഞാർ മണ്ഡലത്തിൽ നിന്നും തിടനാട്, എരുമേലി എന്നീ ഗ്രാമപഞ്ചായത്തുകൾ നിലവിൽ തിരഞ്ഞെടുത്തിട്ടുണ്ട്.<br><br>**<u>ഹരിതസമൃദ്ധി വാർഡ്</u>**<br><br>പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഓരോ വീട്ടിലും ലഭ്യമായ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്യുക എന്നതാണ് ഈ കാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്.സംസ്ഥാനത്തെ കൃഷി ഭവനുകളുടെ പരിധിയിലുള്ള ചുരുങ്ങിയത് ഒരു വാർഡിലെ എങ്കിലും മുഴുവൻ വീടുകളിലും അനുയോജ്യമായ രീതിയിൽ പച്ചക്കറിതൈകൾ നട്ടുവളർത്തുക എന്നതാണ് ഈ കാമ്പയിൻ കൊണ്ട് ഉദ്ദേശിക്കുന്നത്. പൂഞ്ഞാർ മണ്ഡലത്തിലെ തിടനാട്, പൂഞ്ഞാർ ,പൂഞ്ഞാർ തെക്കേക്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഓരോ വാർഡു വീതം ഹരിതസമൃദ്ധി വാർഡ് കാമ്പയിനു വേണ്ടി നിലവിൽ തിരഞ്ഞെടുത്തിട്ടുണ്ട്. |
| (ഡി) | നടപ്പ് സാമ്പത്തിക വർഷം പൂഞ്ഞാർ മണ്ഡലത്തിൽ കൃഷി വകുപ്പ് വിവിധ പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ? | (ഡി) | നടപ്പ് സാമ്പത്തിക വർഷം നാളിതു വരെ വിവിധ കൃഷിഭവനുകൾക്കായി 95.79860 ലക്ഷം രൂപ അനുവദിക്കുകയും 74.87881 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br>പദ്ധതി തിരിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച തുക(ലക്ഷത്തിൽ) | ചെലവഴിച്ച തുക(ലക്ഷത്തിൽ) |
|---|---|---|---|
| 1 | നാളികേരവികസന പദ്ധതി | 4.88462 | 4.70650 |
| 2 | രാസവിള ഗുണ പരിശോധന പദ്ധതി | 0.12117 | 0.09087 |
| 3 | ജൈവകൃഷി പ്രോത്സാഹനം | 0.89800 | 0.75800 |
| 4 | സുഗന്ധവിള വികസന പദ്ധതി | 2.00226 | 2.00226 |
| 5 | കാർഷിക വിജ്ഞാന വ്യാപനം | 2.05225 | 2.05225 |
| 6 | ചെറുകിട യന്ത്രവൽക്കരണം | 1.19128 | 1.16428 |
| 7 | അഗ്രോസർവീസ് സെന്റർ-വിജ്ഞാനവ്യാപന പദ്ധതികൾ | 2.56194 | 2.53894 |
| 8 | പഴവർഗ്ഗ വികസന പദ്ധതികൾ | 9.16716 | 9.16716 |
| 9 | പച്ചക്കറി വികസന പദ്ധതികൾ | 17.88630 | 17.88630 |
| 10 | ഫാം പ്ലാൻ | 10.63420 | 5.15783 |
| 11 | ഓഫീസ് ഇന്റർനെറ്റ് | 0.09190 | 0.09190 |
| 12 | ഓണച്ചന്ത | 6.00562 | 6.00562 |
| 13 | എസ്.എച്ച്.എം. | 35.05940 | 20.56440 |
| 14 | ആത്മ | 2.68750 | 2.13750 |

| | | | |
|---|---|---|---|
| 15 | ബയോഗ്യാസ് | 0.48000 | 0.48000 |
| 16 | ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് | 0.07500 | 0.07500 |
| | **ആകെ** | **95.79860** | **74.87881** |

**സെക്ഷൻ ഓഫീസർ**